# ഒരു നീറും നൊമ്പരമായ് ....

എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്.

കടന്നുപോയി വത്സരദ്വയമെത്ര സത്വരം
കഴിഞ്ഞതില്ല ദുഃഖഭാരമാറ്റുവാനിതേവരെ
പകുത്തുമാറ്റി ജീവിതത്തിൻ നല്ല പാതിയെന്നതിൽ
അകം തകർന്ന ജീവിതം തുടർന്നിതേൻ നിരന്തരം!

തിരിഞ്ഞുനോക്കിടുന്ന ഞാൻ കടന്നുപോന്ന വീഥിയിൽ
ഒരിക്കലും പിണക്കമോ വിരോധഭാഷ്യമൊന്നുമോ
നിറം കെടുത്തിടാത്തൊരെന്റെ ജീവവേദിയിൽ മുദാ
നിരാമയൻ കനിഞ്ഞു തന്നു നന്മയാർന്ന കാന്തനെ !

പ്രഗത്ഭനായ വൈദികൻ, പ്രബുദ്ധനാംപ്രഭാഷകൻ
പ്രശസ്തനായ്, പ്രസന്നനായ്, സദാ പ്രയത്നശീലനായ്
പ്രശോഭിതം തെളിഞ്ഞുനിന്ന ദിവ്യദീപമാണു തേ !
പ്രദോഷവേളയാർന്നതോ, പിരിഞ്ഞുപോയതീവിധം !

അമൂല്യമായ മാല്യമൊന്നു തീർക്കുവാനെടുത്തതോ,
അമാന്തമങ്ങു കാട്ടിടാതെ ഭാവനന്റെയിച്ഛപോൽ
അമേയമാം തലോടലോടെയാ പ്രഫുല്ല സൂനമ -
ങ്ങമോഘശോഭയാർന്നഹോ വസിപ്പതോ പ്രണേശ്വരാ!

അറിഞ്ഞിടുന്നതില്ല ഭൂവിലാരു, മേതു നേരമ -
ങ്ങരങ്ങൊഴിഞ്ഞി ഭൂവിനെ വെടിഞ്ഞു യാത്ര തീർത്തഹോ
തിരിച്ചു പോക്കിനായി നാമൊരുങ്ങിടേൺടതെപ്പൊഴോ,
നിരഞ്ജനൻ വിളിച്ചിടുന്ന നേരവും അറിഞ്ഞിടാ !

പ്രകാശവും പ്രതുഷ്ടിയും തുളുമ്പിനിന്ന ജീവിതം
പ്രകാശമറ്റു മൃത്യുവിന്നു കീഴടങ്ങി ശാന്തമായ്,
പിരിഞ്ഞുപോകമെന്നു താൻ നിനച്ചിടാതെ തൽ ഗൃഹം
പൂകുവാൻ കൊതിച്ചു നൂറുനാൾകൾ താൺടി യേകനായ് !

വരുന്നതില്ലയാരുമെന്റെ യീ ഒഴിഞ്ഞ വീട്ടിലേ -
ക്കാരുമേ വരാനുമില്ലയെന്നതാണു വാസ്തവം,

വിരുന്നുകാർ നിറഞ്ഞുനിന്ന ഭേരിചേർത്ത ഗേഹമോ

വരണ്ടു ശുഷ്ക്കമായഹോ കിടപ്പതെത്ര ദുഷ്ക്കരം !

..........................................................

പാരമാ വിരഹാഗ്നി യിലെരിഞ്ഞു ഞാനിന്നെന്റെ

പ്രാണാധിനാഥസ്മരണയിൽ പരിതപ്തയായി

ഏകാന്ത മൂകമാമെൻ ഗേഹവീഥിയിൽ ഞാനിന്ന്

ഏകാന്തചാരിയെന്നുള്ളതാണെൻ തീവ്ര വ്യാധിയും

മിൺടുവാനാരുമില്ല, കൂട്ടിനുമാരുമില്ലത്രേ

രാത്രി ഭീതിതമാം ചെറു ശബ്ദവും ഭീതിചേർപ്പൂ

ഭർത്തൃമതിയായ് ഞാനന്ന് രാജ്ഞിയായ് തുഷ്ടയായി

ഭർതൃവിയോഗത്തിൽ വെറും പൂജ്യമായ് ഭവിച്ചഹോ !

പൂർണ്ണസംഖ്യയൊടു ചേർന്നു നിൽക്കിലേ പൂജ്യത്തിനു

പൂർണ്ണത ലഭ്യമാകുമെന്നുള്ളതേ പരമാർത്ഥം !

പത്രാഗ്രേ തുളുമ്പിടും ജലബിന്ദുവത്രേ ജീവൻ

എത്ര ക്ഷണത്തിലതു വിധിക്കൊത്തു നിപതിക്കാം !

മൃത്യുവത്രേ മാനവ ജീവിതാന്ത്യം ഭുവാന്തരേ

മൃത്യവാം തുറമുഖത്തടുത്തിടും മർത്യജന്മം !

ഒന്നുൺടു സമാധാനം ദേഹം വെടിഞ്ഞാലും ദേഹി

അനന്തമായ് ജീവിച്ചിടും ജീവനാഥൻ സവിധേ !

.................................



2021 മാർച്ച് 20 ന് ദിവംഗതനായ വെരി. റവ. ഡോ. യോഹന്നാൻ ശങ്കരത്തിൽ
കോറെപ്പിസ്ക്കോപ്പായുടെ രൺടാം ചരമവാർഷികത്തിൽ പ്രാർത്ഥനാ മന്ത്രണങ്ങളോടെ....